ECHOES INDIA

സ്വകാര്യ പ്രചരണത്തിനു മാത്രം

ശ്രീ രാം ചന്ദ്ര മിഷൻ ®

മെയ് 2014

വാല്യം 7, ലക്കം 3

# പൂജ്യ ബാബൂജി മഹാരാജിൻെറ 115-ാം ജന്മദിനാഘോഷം – 29-30 ഏപ്രിൽ, 1 മേയ് 2014






## ഡി.ജെ. പാർക്ക്, തിരുപ്പൂർ

ഭണ്ഡാരയ്ക്കുള്ള തയ്യാറെടുപ്പുകൾ ഏതാനും ആഴ്ചകൾക്ക് മുൻപ് തന്നെ തുടങ്ങിയിരുന്നു. പരിപാടിക്ക് തൊട്ടുമുൻപുള്ള വാരാന്ത്യത്തിൽ അഭ്യാസികൾ വന്നുതുടങ്ങിയതോടെ അന്തരീക്ഷം പ്രതീക്ഷയുടേയും മൗനഹർഷത്തിൻേറതുമായി മാറി.

### ധ്യാനമന്ദിരത്തിൽ

മോടിയായി അലങ്കരിച്ചിരുന്ന ധ്യാനമന്ദിരത്തിലെ സ്റ്റേജിൽ ബാബുജി മഹാരാജിൻെറ ഒരു വലിയ ചിത്രം നിറഞ്ഞ് നിന്നിരുന്നു. ഹാളിൻെറ പലഭാഗത്തായി സ്ഥാപിച്ചിരുന്ന വലിയ എൽ.സി.ഡി സ്ക്രീനുകൾ അവിടെ സന്നിഹിതരായിരുന്നവർക്ക് മുഴുവൻ പരിപാടികളും അടുത്ത് കാണുവാൻ സഹായകമായി. നിർജ്ജലീകരണം ഒഴിവാക്കാൻ അഭ്യാസികളോട് ധാരാളം വെള്ളം കുടിക്കുവാൻ ഉപദേശിച്ചിരുന്നതിനാൽ ഹാളിൽ വളൻറിയർമാർ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ടായിരുന്നു.

മൂന്ന് ദിവസങ്ങളിലെ ആഘോഷത്തിൽ, തൻെറ അനാരോഗ്യം മൂലം പൂജ്യമാസ്റ്റർക്ക് ചെന്നൈയിൽതന്നെ കഴിയേണ്ടിവന്നതിനാൽ സഹോ. കമലേഷ് പട്ടേൽ മൊത്തം എട്ട് സത്സംഗങ്ങൾ നടത്തി. ഈ സത്സംഗങ്ങൾ ഭണ്ഡാരയിൽ പങ്കെടുത്ത എകദേശം 15000 അഭ്യാസികളുടെ അനുഭവങ്ങളെ ഗാഢമാക്കുകയും ശക്തി പകരുകയും ചെയ്തു. ഏപ്രിൽ 29-ന് സത്സംഗതിനുശേഷം 2014 മാർച്ചിൽ ലഭിച്ച പുതിയ വിസ്പർ സന്ദേശങ്ങൾ വായിക്കപ്പെട്ടു. മാസ്റ്ററുടെ പിൻഗാമി ശ്രീ കമലേഷ് പട്ടേൽ ആണെന്നതിനുള്ള സ്ഥിരീകരണവും അംഗീകാരവുമായിരുന്നു ഈ സന്ദേശങ്ങളിലടങ്ങിയിരുന്ന ആശയം.




29-ാം തീയ്യതി രാവിലെ കുറെ പുതിയ പ്രസിദ്ധീകരണങ്ങൾ കുട്ടികൾ പ്രകാശനം ചെയ്തു. 'രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ, വാല്യം-4' എന്ന പുതിയ പ്രസിദ്ധീകരണത്തെക്കുറിച്ച് സംസാരിച്ച സഹോ. കമലേഷ് പട്ടേൽ,









“ അടിപതറാതെ വ്യതിചലിക്കാതെ, ഈ സന്ദേശങ്ങളിലുള്ള ഉത്തമ ബോദ്ധ്യത്തോടെ, അവനവനിൽ ഉള്ള വിശ്വാസത്തോടെ, സർവ്വ മനുഷ്യരോടുമുള്ള സ്നേഹത്തോടെ, സകല ചരാചരങ്ങളോടുമുള്ള സ്നേഹമായി പരിണമിച്ചുകൊണ്ട് ഈ പാത പിന്തുടരാൻ ബാബുജി നമ്മെ അനുഗ്രഹിക്കട്ടെ.”

–പി. രാജഗോപലാചാരി

ബാബുജിയുടെ അഭ്യാസികൾക്ക് അയച്ച കത്തുകളും മുൻപ് ഹിന്ദിയിൽ മാത്രം പ്രസിദ്ധീകരിച്ച ചില ലേഖനങ്ങളുമടങ്ങിയ ഈ ഗ്രന്ഥത്തിൻെറ പിന്നിൽ പ്രയത്നിച്ച അഭ്യാസികളെ പ്രത്യേകം പരാമർശിച്ചു. വെന്തുരുകുന്ന ചൂടായിട്ടു പോലും അഭ്യാസികൾ പരിപാടി അവസാനിക്കുന്നതു വരെ ഹാളിലിരുന്നു.

സഹോദരൻ കമലേഷ് 30–ാം തിയതി രാവിലെ സത്സംഗത്തിനുശേഷം ആറു വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. കുറച്ചു നേരത്തിനുശേഷം, മാസ്റ്ററെ ചെന്നൈയിൽനിന്നുള്ള വീഡിയോ സംപ്രേക്ഷണം വഴി സ്ക്രീനിൽ കാണുമാറായി. ഇതിലൂടെ മാസ്റ്ററുടെ പേരക്കുട്ടി മാധുരി കൃഷ്ണ വിസ്പേർസ് സന്ദേശം വായിക്കുന്നതും മാസ്റ്ററുടെ പ്രഭാഷണം നേരിട്ട് ദൃശ്യമാകുന്നതും സാധ്യമായി. ഇത് എല്ലാ സെൻററുകളിലും ലഭ്യമായിരുന്നു.

30ന് വൈകുന്നേരം, ശക്തമായ ചൂടിന് ശമനം വരുത്തുമാറ് നടന്ന സഹോദരി രഞ്ജനയുടെ ഭജൻ എല്ലാവരിലും മാസ്റ്ററുടെ സ്മരണ ഉണർത്തി.

## മറ്റു പ്രവർത്തനങ്ങൾ

സോണൽ ഇൻ ചാർജുകൾ, സെൻറർ ഇൻ ചർജുകൾ, ആശ്രമം മാനേജർമാർ എന്നിവരുടെ ഒരു യോഗം നടന്നു. മറ്റു പല വിഭാഗങ്ങൾക്കും വളൻറിയർമാർക്കും അവരവരുൾപ്പെട്ട മേഖലയിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും ഈ വേദി ഉപകരിക്കപ്പെട്ടു.









കുട്ടികളുടേയും യുവാക്കളുടേയും സെൻററിൽ കുട്ടികളെ വയസ്സ് അടിസ്ഥാനത്തിൽ മൂന്ന് വിഭാഗമായി തിരിച്ച് പല പരിപാടികളിലും ഉൾപ്പെടുത്തിയിരുന്നു. ഈ സ്ഥലം 8000 തരം വർണ്ണാഭമായ ‘ഒറിഗാമി പീസ് ക്രേയ്ൻ’ (വർണ്ണക്കടലാസ്സുകൊണ്ടുണ്ടാക്കിയ കൊക്കുകൾ) കൊണ്ടലങ്കരിച്ചിരുന്നു. പുതിയ പ്രസിദ്ധീകരണങ്ങൾ പ്രാദേശിക ഭാഷയിൽ വിളിച്ചു പറയുന്നതിന് സഹോ.കമലേഷിനെ സഹായിക്കുന്നതിന് കുട്ടികളെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. ഏകദേശം 2500 കുട്ടികൾ ഭണ്ഡാരയുടെ ഭാഗഭാക്കായി.

പതിവുപോലെയുള്ള വലിയ ഭക്ഷണശാല കൂടാതെ മുന്നെണ്ണം വ്യത്യസ്ഥ സ്ഥലങ്ങളിലുള്ളത് അഭ്യാസികളുടെ നടത്തം കുറക്കുന്നതിന് സഹായകമായി. ഭക്ഷണസ്ഥലം, കിടക്കുന്നതിനുള്ള കൂടാരങ്ങൾ, ചരിത്രസ്റ്റാൾ, ഫോട്ടോഗാലറി, ടി-ഷർട്ട് സ്റ്റാൾ തുടങ്ങിയ വേദികൾ ഭണ്ഡാരയുടെ സുഗമമായ നടത്തിപ്പിനുള്ള അടിസ്ഥാന സൗകര്യങ്ങളിലുൾപ്പെടുന്നു. മാസ്റ്ററുടെ കോട്ടേജിനടുത്തുള്ള നിശ്ശബ്ദ മേഖല മാസ്റ്ററുടെ സ്മരണ ഉണർത്തുന്നതിനുള്ള അനുയോജ്യ വേദിയായി.









## പ്രഭാഷണങ്ങൾ

സഹോദരൻ കമലേഷ് മൂന്നു പ്രാവശ്യം വേദിയെ അഭിസംബോധന ചെയ്തു കൊണ്ട് സംസാരിച്ചു. അദ്ദേഹം മുടങ്ങാതെയുള്ള പരിശീലനത്തിൻെറ ആവശ്യം ഉറപ്പിച്ചു പറയുകയും ബാബുജിയുടെ സന്ദേശങ്ങൾ ആവർത്തിയ്ക്കുകയും ചെയ്തു. മെയ് ഒന്നിന് നടത്തിയ സമാപനപ്രസംഗത്തിൽ, പുരോഗതിയെ മെല്ലെയാക്കുന്ന ഒരു ഘടകം ആഗ്രഹമാണെന്നും, ധ്യാനത്തിലൂടെയും നിരന്തര സ്മരണയിലൂടെയും ആഗ്രഹങ്ങൾ നമ്മെ ഒരിക്കലും ബാധിക്കാത്ത അവസ്ഥയിലെത്തണമെന്നും അദ്ദേഹം പറഞ്ഞു. ഈ ആഘോഷപരിപാടി വിജയപ്രദമാക്കിയ എല്ലാ സംഘാടകർക്കും വളൻറിയർമാർക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട്, "അജ്ഞാതരായി നിൽക്കുന്ന ആ ആത്മാക്കളുടെയെല്ലാം ഭാവി അദ്ദേഹത്തിൻെറ നിർമ്മലഹൃദയവുമായി നിസ്സംശയം കൂട്ടിയിണക്കിയിരിക്കുന്നു" എന്ന് അദ്ദേഹം പറഞ്ഞു.

## മണപ്പാക്കം

3500ൽ അധികം അഭ്യാസികൾ മണപ്പാക്കത്ത് സന്നിഹിതരായിരുന്നു. ധ്യാനഹാളിൻെറ മുൻവശം വർണ്ണാഭമായി രംഗോലിയാലും പൂക്കളാലും അലങ്കരിച്ചിരുന്നു. 29, 30, 1 തിയതികളിൽ മാസ്റ്റർ പ്രഭാതത്തിലെ സത്സംഗം നടത്തി. പല ദേശത്തേയും അഭ്യാസികളെ മാസ്റ്റർ ഈ ദിനങ്ങളിൽ കണ്ടിരുന്നു.

30ന് 6 മണിക്ക് കോട്ടേജിൽ മാസ്റ്റർ പ്രസാദം സമർപ്പിച്ചു. മാസ്റ്റർ പ്രസന്നനായും ഉത്സാഹവാനായും കാണപ്പെട്ടു. സത്സംഗത്തിനുശേഷം തിരുപ്പൂരിലെ ഭണ്ഡാരനടക്കുന്ന സ്ഥലവുമായി വീഡിയോ വഴി ബന്ധപ്പെടാനുള്ള സൗകര്യം ഒരുക്കി. മാധുരി കൃഷ്ണ വിസ്പേർസ് സന്ദേശം വായിച്ചശേഷം, മാസ്റ്റർ പ്രഭാഷണം നടത്തി. അടുത്തകാലത്ത് ലഭിച്ച സന്ദേശങ്ങളെ ചൂണ്ടിക്കാട്ടി അവ മിഷൻെറ തുടർച്ചയെ സമ്പന്ധിച്ചുനൽകുന്ന സ്ഥിരീകരണത്തെക്കുറിച്ച് ആവർത്തിച്ചു കൊണ്ട്, നമ്മുടെ ഉത്കണ്ഠ വർത്തമാനകാലത്തിൽ ഒതുക്കിക്കൊണ്ട് ഭാവിയെ ഭാവിയ്ക്ക് വിടണമെന്ന് അദ്ദേഹം പറഞ്ഞു. "നാം നിലനിൽക്കുന്ന, പ്രകൃതി നമ്മെ പ്രതിഷ്ടിച്ചിരിക്കുന്ന ഈ കാലഘട്ടത്തെ നാമെല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് ഞാനാവർത്തിക്കുന്നു. ഇന്നുകാണുന്ന മിഷനെന്ന അവസരം, മിഷൻ വെച്ച്നീട്ടുന്ന പ്രയോജനങ്ങൾ എന്നിവയുപയോഗപ്പെടുത്തിക്കൊണ്ട്, സകലരെയും സ്നേഹിച്ച്, മുൻവിധികളില്ലാതെ, വിദ്വേഷമില്ലതെ, വിമർശിക്കാതെ അചഞ്ചലമായി മുന്നോട്ട് പോവുക.ഇതൊക്കെ പറയുവാൻ എളുപ്പമാണ്, എന്നാൽ അതെല്ലാം പ്രാവർത്തികമാക്കുക്കയെന്നത് ദുഷ്കരമാണ്"എന്ന് മാസ്റ്റർ പറഞ്ഞു. തുടർന്ന് സഹോദരി മന്ദനയോടൊപ്പം മാസ്റ്റർ ഒരു കേക്ക് മുറിച്ച് ബാബുജിക്ക് സമർപ്പിച്ചു.

> " നമ്മൾ പരിണമിക്കുന്നുണ്ടെങ്കിൽ നാം ഇവിടെയും പരിണമിക്കേണ്ടതുണ്ട്. അത് ഇവിടെ ആരംഭിച്ച് അവിടെ അവസാനിക്കുന്നു. അതെങ്ങിനെയാണ് ആരംഭിക്കുന്നത്? നമ്മുടെ ഹൃദയത്തിൽ ലാഘവത്വം വളർത്തിക്കൊണ്ട്, മുൻവിധികളില്ലാതെ, വിദ്വേഷമില്ലാതെ, കൂടുതൽ കൂടുതൽ മനുഷ്യരെ ആശ്ലേഷിക്കുവാനുള്ള പ്രവണത നമ്മിൽ വളർത്തിക്കൊണ്ടാകണം."
>
> പി.രാജഗോപാലാചാരി




## മണപ്പാക്കം വാർത്തകൾ

### 2014 ഫെബ്രുവരി

മാസ്റ്റർ 'ഗായത്രി'യിൽ: ഫെബ്രുവരി 5 മുതൽ 14 വരെ

അഞ്ചാം തീയ്യതി തിരുവള്ളൂരിലെ ആശ്രമഭൂമിയിൽ മെഡിക്കൽ സെൻററിൻെറ പണി തുടങ്ങുവാൻ പദ്ധതിയിട്ടിട്ടുണ്ടായിരുന്നു. മാസ്റ്റർക്ക് യാത്ര ചെയ്യാൻ തക്ക ആരോഗ്യം ഇല്ലാതിരുന്നതിനാൽ അദ്ദേഹം കമലേഷ് ഭയ്യയെയും സഹോദരൻ പി. ആർ. കൃഷ്ണയെയും അക്കാര്യം ചെയ്യാൻ നിയോഗിച്ചു. രാവിലെ പതിനൊന്ന് മണിയോടെ മാസ്റ്റർ ഒരു മാളിൽ ചെന്ന് കുറച്ച് പലഹാരങ്ങൾ വാങ്ങി തൻെറ കുടുംബത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് 'ഗായത്രി'യിലേക്ക് ചെന്നു. അന്നു തന്നെ ആശ്രമത്തിലേക്ക് തിരിച്ചു പോകുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അദ്ദേഹം ആ തീരുമാനം മാറ്റി ഗായത്രിയിൽ തന്നെ തങ്ങുവാൻ നിശ്ചയിച്ചു.

### കാൺപൂർ ആശ്രമനിർമ്മാണോദ്ഘാടനം:

ഫെബ്രുവരി 9, ഞായറാഴ്ച

മാസ്റ്റർ അതിരാവിലെ തന്നെ തയ്യാറായി. എന്നാൽ അദ്ദേഹത്തിന് നല്ല സുഖം തോന്നിയിരുന്നില്ല. എന്നിരുന്നാലും അദ്ദേഹം കാൺപൂരിലെ അഭ്യാസികളെ വീഡിയോ ലിങ്ക് വഴി ആശംസിച്ചു. അഭ്യാസികൾ സ്നേഹം നിറഞ്ഞ ഊഷ്മള പ്രത്യഭിവാദനം നടത്തി. ഞൊടിയിടയിൽ മാസ്റ്റർ ഉന്മേഷവാനാകുകയും അവരോട് സംസാരിക്കുകയും ചെയ്തു. കെട്ടിടത്തിൻെറ അടിത്തറയ്ക്ക് ഏതുരീതിയിലാണ് ഇഷ്ടികകൾ പാകേണ്ടതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പദ്ധതിയുടെ വിശദാംശങ്ങൾ ആരാഞ്ഞ്കൊണ്ട് അദ്ദേഹം പറഞ്ഞു, "നിങ്ങൾക്കായി ഞാൻ ഇവിടെ നിന്ന് സത്സംഗം ആരംഭിക്കുകയാണ്. എല്ലാവർക്കും ധ്യാനം തുടങ്ങാം."

അതിനുശേഷം മാസ്റ്റർ 'ഗായത്രി'യിലെ ഹാളിലേയ്ക്ക് വന്ന് അവിടെ കൂടിയിരുന്ന എല്ലാവർക്കുമായി സത്സംഗം നടത്തി. ഒരുമണിക്കൂർ നീണ്ട് നിന്ന ആ സത്സംഗത്തിനുശേഷം ക്ഷീണിതനായ മാസ്റ്റർ വിശ്രമിക്കുന്നതിനായി അകത്തേക്ക് പോയി. അതേസമയം കമലേഷ് ഭായി ആശ്രമത്തിൽവെച്ച് ചില വിവാഹങ്ങൾ നടത്തിക്കൊടുത്തു.



### യൂറോപ്പ്യൻ പ്രിഫക്റ്റുകൾക്കായുള്ള സെമിനാർ:

2014 ഫെബ്രുവരി 15 മുതൽ 20 വരെ

പരിപാടി ഉദ്ഘാടനം ചെയ്യുവാൻ മാസ്റ്റർ 15ന് മണപ്പാക്കത്തെത്തി. അദ്ദേഹം 'ഡോം എ'യിൽ സത്സംഗം നടത്തിയ ശേഷം തങ്ങളുടെ കർമ്മത്തെ സ്ഫുടം ചെയ്യെടുക്കേണ്ടതിനെപ്പറ്റി അവരോട് സംസാരിച്ചു. അദ്ദേഹം പറഞ്ഞു, പ്രിഫെക്റ്റുകൾ എന്ന നിലയിൽ ചെയ്യുന്ന ജോലിയെ നാം സ്നേഹിക്കാൻ തുടങ്ങുമ്പോൾ അത് കൂടുതൽ ഉൽകൃഷ്ടവും ഫലപ്രദവുമായിത്തീരുന്നു. ഇതിനദ്ദേഹം നിരവധി ഉദാഹരണങ്ങൾ നൽകി. 'ഗായത്രി'യിലേക്ക് തിരിച്ച്പോകുന്ന വേളയിൽ മാസ്റ്റർ പ്രതിനിധികളെ, എല്ലാ സായാഹ്നങ്ങളിലും ചെറുസംഘങ്ങളായി തന്നെ വന്നു കാണാൻ ക്ഷണിച്ചു.

### ഇൻറർനാഷണൽ സ്കോളർഷിപ്പ് പരിശീലന പരിപാടി(ഐ എസ് ടി പി)

ഐഎസ്ടി പരിപാടിയിൽ പങ്കെടുത്തവരെയും അതിൻെറ സംഘാടകരെയും 15–ാം തീയതി തൻെറകൂടെ ഉച്ചഭക്ഷണം കഴിക്കാൻ മാസ്റ്റർ ക്ഷണിച്ചു. സെർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തശേഷം എല്ലാവർക്കും ഭക്ഷണം ലഭിച്ചു എന്ന് ഉറപ്പുവരുത്തി മാസ്റ്റർ അവരോടൊപ്പം മുറ്റത്തിരുന്ന് ഉച്ചഭക്ഷണം കഴിച്ചു. പിന്നീടദ്ദേഹം 'ഗായത്രിയി'ലേക്ക് പോയി.

ഫെബ്രുവരി 16, ഞായറാഴ്ച

'ഗായത്രി'യിൽ സന്നിഹിതരായിരുന്ന അറുപതോളം അഭ്യാസികൾക്ക് മാസ്റ്റർ സത്സംഗം നടത്തി. അതിനുശേഷം ക്ഷീണിതനായ മാസ്റ്റർ മരുന്നു കഴിക്കാനായി മുറിയിലേക്ക് പോയി.

വൈകുന്നേരം പ്രിഫെക്റ്റ് സെമിനാറിൽ പങ്കെടുക്കുന്ന അറുപതോളം അഭ്യാസികൾ 'ഗായത്രി'യിലെത്തി. മാസ്റ്റർ അവരോടൊപ്പം ഹാളിലിരുന്നു. അവർക്കെല്ലാവർക്കും പലഹാരങ്ങൾ വിതരണം ചെയ്തു. സദസ്സ് തുടക്കത്തിൽ നിശ്ശബ്ദമായിരുന്നു. പിന്നീട് ഒരു സഹോദരി വയലിൻ വായിക്കാൻ തുടങ്ങി. ആ സഹോദരി ഉപകരണത്തിൻെറ സ്പന്ദനത്തെപ്പറ്റി സംസാരിക്കാൻ തുടങ്ങിയപ്പോൾ മാസ്റ്റർ പറഞ്ഞു, "സർവ്വവും സ്പന്ദനമാണ്." അവർ ഒരു കൃതി വായിച്ചവസാനിച്ചപ്പോൾ മാസ്റ്റർ ആ സഹോദരിയോട്



continued..



തുടരാനാവശ്യപ്പെട്ടു. അതിനുശേഷം ചില അഭ്യാസികൾ മുന്നോട്ട് വന്ന് അദ്ദേഹത്തിന് ചില കത്തുകൾ, സമ്മാനങ്ങൾ എന്നിവ നൽകി. ഭാഷകളെക്കുറിച്ചും, ചില ഭാഷകൾ, പ്രത്യേകിച്ച് സ്കാൻഡനേവിയൻ ഭാഷകൾ പഠിക്കാനുള്ള വൈഷമ്യത്തെക്കുറിച്ചും തൻെറ യൂറോപ്പ്യൻ യാത്രകളെയനുസ്മരിച്ച്, മാസ്റ്റർ വിശദീകരിച്ചു.

ഇത്തൊരമൊരു ചര്യ ആ ആഴ്ച്ച മുഴുവനും തുടർന്നു – കാലത്ത് അഭ്യാസികൾ വന്ന് മാസ്റ്ററെ സന്ദർശിക്കും. പിന്നീട് വൈകുന്നേരം യൂറോപ്യൻ പ്രിഫെക്റ്റുമാരുടെ 50–60 പേരടങ്ങുന്ന സംഘങ്ങൾ മാസ്റ്ററെ കാണുവാനായി എത്തിച്ചേരും.

## ഫിബ്രവരി 25, ഞായറാഴ്ച്ച

മാസ്റ്റർക്ക് നല്ല സുഖമില്ലാത്തതിനാൽ അഭ്യാസികൾ അദ്ദേഹത്തെ ‘ഗായത്രി’യിൽ സന്ദർശിക്കരുതെന്ന് പല തവണ അപേക്ഷിച്ചിരുന്നുവെങ്കിലും നിരവധി അഭ്യാസികൾ അവിടെ എത്തിച്ചേർന്നു. ഒരു മണിക്കൂറും 10 മിനിറ്റും നീണ്ടുനിന്ന സത്സംഗത്തിനുശേഷം വളരെ ക്ഷീണിതനായിരുന്നെങ്കിലും അദ്ദേഹം അകത്തേക്ക് പോകുന്നതിന് മുൻപായി കുറച്ചഭ്യാസികളുമായി സംസാരിച്ചു.

## 24–28 ഫിബ്രവരി

മാസ്റ്ററുടെ ആരോഗ്യം ദിവസവും വ്യതിചലിച്ചുകൊണ്ടിരുന്നു. വ്യാഴാഴ്ച്ച രാത്രിയിൽ അദ്ദേഹത്തിൻെറ പേരമകൻ ഭാർഗ്ഗവ് ദില്ലിയിൽനിന്നും എത്തിച്ചേർന്നു, പിന്നീടുള്ള 2–3 ദിവസങ്ങളിൽ മാസ്റ്റർ ഉത്സാഹഭരിതനായിരുന്നു.

# മാർച്ച് 2014

## ‘ഗായത്രി’യിൽ മാസ്റ്റർ – മാർച്ച് 1–9

മാർച്ചിലെ ആദ്യവാരാന്ത്യത്തിലുള്ള ഭാർഗ്ഗവിൻെറ വരവ് മാസ്റ്ററിൽ സ്വാഗതാർഹമായ മാറ്റങ്ങളാണുണ്ടാക്കിയത്. കുടുംബാംഗങ്ങൾക്കെല്ലാവർക്കും അദ്ദേഹവുമൊത്ത് കുറച്ച് സമയം ചെലവഴിക്കുവാനായി. 2–ന വൈകുന്നേരം ഭാർഗ്ഗവ് ദില്ലിയിലേക്ക് തിരിച്ചുപോയി.

ഭാർഗ്ഗവ് മടങ്ങി പോയതിന്ശേഷം മാസ്റ്റർ ‘ഗായത്രി’യിൽ ഒരാഴ്ച്ചകൂടി താമസിച്ചു. നല്ലവണ്ണം ഉല്ലാസവാനായിരുന്ന അദ്ദേഹം ആരോഗ്യമുള്ളപ്പോഴൊക്കെ സിറ്റിംഗുകൾ നൽകി. അധികം സന്ദർശകരില്ലാഞ്ഞത് തൻെറ ക്ഷീണമകറ്റുവാൻ അദ്ദേഹത്തെ സഹായിച്ചു. ആഴ്ച്ചയുടെ അവസാനമായപ്പോഴേക്കും അദ്ദേഹം മണപ്പാക്കത്തേക്ക് തിരികെ പോകുവാൻ തയ്യാറായി.

## തിരിച്ച് മണപ്പാക്കത്തേക്ക്: മാർച്ച് 10, തിങ്കളാഴ്ച്ച

‘ഗായത്രി’യിലെ ഒരു മാസത്തെ വാസത്തിന്ശേഷം മാസ്റ്റർ മണപ്പാക്കത്ത് തിരിച്ചെത്തി. അദ്ദേഹത്തിൻെറ ആരോഗ്യസ്ഥിതി പതുക്കെയാണെങ്കിലും, പ്രയാസമില്ലാതെ അവിടെ ചുറ്റിനടക്കുവാൻ പറ്റുന്നവിധത്തിൽ നല്ലവണ്ണം മെച്ചപ്പെട്ടുവന്നു. ആശ്രമത്തിലെത്തിയ ശേഷം അദ്ദേഹം ഗോൾഫ് കാറിൽ അവിടത്തെ പലവിധ നിർമ്മാണ പ്രവർത്തനങ്ങളെ പരിശോധിച്ചും സന്ദർശകരുമായി സംസാരിച്ചും വിവിധ ഭാഗങ്ങൾ സന്ദർശിച്ചു. സിറ്റിംഗുകൾ നൽകുന്നതിലും അഭ്യാസികളെ കാണുന്നതിലും മുഴുകിയ അദ്ദേഹം ചില ഭരണപരമായ കാര്യങ്ങളിൽവരെ വ്യാപൃതനായി. കോട്ടേജിന് പുറത്ത് അദ്ദേഹം എപ്പോഴെല്ലാം വന്നിരുന്നുവൊ അപ്പോഴൊക്കെ അഭ്യാസികളുടെ ഒരു സംഘം അദ്ദേഹത്തിന്ചുറ്റും വന്നിരിക്കുമായിരുന്നു.

## മാസ്റ്ററുടെ സത്സംഗം: മാർച്ച് 16, ഞായറാഴ്ച്ച

രാവിലെ 6 മണിക്ക് തന്നെ തയ്യാറായ മാസ്റ്റർ “എനിക്കിന്ന് നല്ല സുഖം തോന്നുന്നു” എന്നഭിപ്രായപ്പെട്ടു. അപ്പോഴൊരഭ്യാസി നിറങ്ങളുടെ ഉത്സവമായ ഹോളിയാണിന്ന് എന്ന് പറഞ്ഞു. അത് കേട്ടതും അദ്ദേഹത്തിൻെറ മുഖം തെളിഞ്ഞു, തുടർന്ന് “ഞാൻ പോയി സത്സംഗം നടത്താം.” എന്നദ്ദേഹം പറഞ്ഞു. ഒരു മണിക്കൂറിന്മേൽ നീണ്ടുനിന്ന സത്സംഗത്തിന്ശേഷം അദ്ദേഹം കോട്ടേജിൽ തിരികെയെത്തി.

## ഗീതപാരായണം

സഹോ. ‘സാൻസ്ക്രിറ്റ്’ കണ്ണൻെറ ഗീതപ്രഭാഷണത്തിലെ അവസാനത്തെ (18–ാം) അദ്ധ്യായം ഇന്ന് അവസാനിക്കേണ്ടതാണ്. ഒന്നര മണിക്കൂറിലേറെ നീണ്ടുനിന്ന പ്രഭാഷണത്തിൽ അദ്ദേഹം ഈ അദ്ധ്യായത്തിലെ വിവിധ ശ്ലോകങ്ങൾ വിശദീകരിച്ചു. ഈ സന്ദേശങ്ങളിലൂടെ ഭഗവാൻ ശ്രീകൃഷ്ണൻ നൽകുന്ന സാരാംശം, “എല്ലാം ത്യജിച്ച് എന്നിൽ ശരണമടയൂ” എന്നാണ്. മാസ്റ്റർ ഇത് വളരെ ശ്രദ്ധാപൂർവ്വം കാണുന്നുണ്ടായിരുന്നു. ആ അദ്ധ്യായം അന്ന് മുഴുമിക്കാൻ പറ്റാത്തതുകാരണം അടുത്ത ആഴ്ച്ചയിലേക്ക് നീട്ടി.





## ഗൃഹപ്രവേശം: 2014 മാർച്ച് 19, ബുധനാഴ്ച

ആശ്രമത്തിനു പുറകിലുള്ള ദ്വാരക അപ്പാർട്മെൻറസിലെയൊരു ഗൃഹപ്രവേശനത്തിനായിരുന്നു മാസ്റ്റർ വന്നുചേർന്നത്. നേരെ മുകളിലെ നിലയിലെത്തി അവിടെ താമസിക്കാൻ തുടങ്ങുന്ന കുടുംബത്തിനു പ്രസാദം നൽകിയ ശേഷം മാസ്റ്റർ സത്സംഗം നടത്തി. നാനൂറോളം അഭ്യാസികൾ സത്സംഗത്തിൽ പങ്കെടുത്തു. തൻെറ വീൽചെയറിൽ അവിടം മുഴുവൻ ചുറ്റികണ്ട ശേഷം അദ്ദേഹം തൊട്ടു താഴെ നിലയിൽ താമസിക്കുന്ന സഹോദരൻ കമലേഷിൻെറ വീട്ടിലേയ്ക്ക് പോയി.

## സഹോദരൻ കമലേഷിൻെറ ഭവനം: 2014 മാർച്ച് 19–25

സഹോദരൻ കമലേഷിൻെറ വീട്ടിൽ കുറച്ചു ദിവസം താമസിക്കുവാൻ മാസ്റ്റർ തീരുമാനിച്ചു. എപ്പോഴുമെന്ന പോലെ കാലത്തും വൈകീട്ടും അഭ്യാസികൾ വരാറുണ്ടായിരുന്നു. പ്ര ഭാതഭക്ഷണത്തിനു ശേഷം മാസ്റ്റർ സത്സംഗം നടത്തുകയും വൈകുന്നേരങ്ങളിൽ ഫിസിയോതെറാപ്പി സമയം വരെ അവിടെ സന്നിഹിതരാവാറുള്ള അഭ്യാസികളെ കണ്ട് സംസാരിക്കുകയും ചെയ്തു. ഞായാറാഴ്ച്ച വരെ ഇതു തുടർന്നു.

ഞായറാഴ്ച രാവിലെ സഹോദരൻ കമലേഷ് ആശ്രമത്തിലേയ്ക്ക് സത്സംഗിനായി പോയപ്പോൾ മാസ്റ്റർ താഴെ വന്നു അവിടെ സന്നിഹിതരായിരുന്നവർക്ക് വേണ്ടി സത്സംഗം നടത്തി. നീണ്ട സത്സംഗിനു ശേഷം മാസ്റ്റർ ക്ഷീണിതനായി കാണപ്പെട്ടു. ശ്വസിക്കുന്നതിന് അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നു.

## ഗീതാപ്രഭാഷണം: മാർച്ച് 23, ഞായറാഴ്ച

മാസ്റ്റർ സഹോദരൻ കമലേഷിൻെറ വീട്ടിലായിരുന്നതിനാൽ, ആശ്രമത്തിലെ ധ്യാനമന്ദിരത്തിൽ നടന്നുവന്നിരുന്ന ഗീതാപ്രഭാഷണം അദ്ദേഹത്തിനു കേൾക്കുന്നതിനായി വീഡിയോ കണക്ഷൻ തയ്യാറാക്കിയിരുന്നു. അവസാനത്തെ പരിപാടിയായി തീരുമാനിച്ചിരുന്ന ഈ പ്രഭാഷണം അസുഖബാധിതനായിരുന്നിട്ടും മാസ്റ്റർ ലയിച്ചിരുന്നു കേൾക്കുന്നുണ്ടായിരുന്നു. ഗീതയിലെ എല്ലാ അദ്ധ്യായങ്ങളും സ്പർശിച്ചു കൊണ്ട് ചോദ്യോത്തരവേളയോടു കൂടി ഇനിയൊരു പ്ര ഭാഷണം കൂടെ ഉണ്ടാവുമെന്നു പരിപാടിയുടെ അവസാനം അറിയിപ്പുണ്ടായി.

## മാസ്റ്റർക്ക് അസുഖം: മാർച്ച് 23–31

മാസ്റ്റർക്ക് അസുഖം തുടർന്നതിനാൽ ചില ടെസ്റ്റുകൾ നടത്തുകയും ചികിത്സ ആരംഭിക്കുകയും ചെയ്തു. മാസ്റ്റർക്ക് കോട്ടേജിലേയ്ക്ക് വരണമെന്നുണ്ടായിരുന്നെങ്കിലും ക്ഷീണിതനായിരുന്നതിനാൽ എവിടേയ്ക്കും പോവാൻ സാധിച്ചില്ല. മാർച്ച് ഇരുപത്തഞ്ചോടെ ആരോഗ്യം വീണ്ടെടുത്ത മാസ്റ്റർ കോട്ടേജിലേയ്ക്ക് മടങ്ങി.

# ഏപ്രിൽ 2014

ഏപ്രിൽ ആദ്യ പകുതിയിലും മാസ്റ്റർക്ക് അസുഖം തുടർന്നു. ഡോക്റ്റർമാരുടെ സംഘം കോട്ടേജിൽ സന്നിഹിതരായിരുന്നു. അശ്രമത്തിലേയ്ക്ക് സന്ദർശകരെ ആരെയും അനുവദിച്ചില്ല. ശരിയായ രോഗനിർണ്ണയവും മരുന്നും ലഭിച്ചപ്പോൾ മാസ്റ്റർക്ക് നേരിയ തോതിൽ കൃത്യമായ പുരോഗതി കണ്ടു തുടങ്ങി. മരുന്നുകളുടെ പാർശ്വഫലമായ നേരിയ മയക്കം കൊണ്ട് വ ളരെ ക്ഷീണിതനായ മാസ്റ്റർ പൂർണ്ണ വിശ്രമത്തിലായിരുന്നു. അസുഖം ഭേദമായതോടെ മാസ്റ്റർ കോട്ടേജിൻേറയും ബാബുജി മണ്ഡപത്തിൻേറയും മുൻപിൽ വന്നിരിയ്ക്കാൻ തുടങ്ങി.

ബറോഡയിൽ നിന്നുള്ള മൂന്നു സഹോദരിമാർ അവരുടെ കുടുംബത്തോടൊപ്പം മാസ്റ്ററെ കാണുവാനെത്തി. ഇവരെ കണ്ടതിൽ സന്തോഷവാനായ മാസ്റ്റർ കുറച്ചധികം നേരം അവരോടൊപ്പം ചെലവിട്ടു.

“യഥാർത്ഥ ശക്തി ആർദ്രതയിലാണിരിക്കുന്നത്. ദുർബലർക്ക് മാത്രമേ കാഠിന്യമുള്ളവരാകാൻ സാധിക്കൂ.”

“പെരുമാറ്റത്തിലും സ്വഭാത്തിലുമ്മുള്ള അഭിവൃദ്ധിയാണ് ദൃഷ്ടിഗോചാരമായ ഏക പരിണാമം.”

“ജോലി കുറയുന്നതിനനുസരിച്ച് ഉത്തരവാദിത്വവും കൂടുന്നു.”

## തമിഴ് പുതുവർഷം ഏപ്രിൽ 14, 2014

മാസ്റ്റർ നേരത്തെ എഴുന്നേൽക്കുകയും ചില അഭ്യാസികളെ അഭിവാദനം ചെയ്യുകയും ചെയ്തു. അദ്ദേഹമന്നു സത്സംഗം നടത്തേണ്ടതായിരുന്നുവെങ്കിലും പെട്ടെന്നു ക്ഷീണം അനുഭവപ്പെട്ടതിനാൽ സത്സംഗം നടത്തിയില്ല. അധികമാരേയും കാണുവാനും അദ്ദേഹത്തിനു സാധിച്ചില്ല.

## വിഷു, 2014 ഏപ്രിൽ 15

കേരളത്തിൽ നിന്നുള്ള എൺപതോളം അഭ്യാസികളും





ചെന്നൈയിലുള്ള ഏതാനും മലയാളികളും വിഷു ആഘോഷിക്കാൻ മാസ്റ്ററുടെ കോട്ടേജിനു മുന്നിൽ ഒത്തുചേർന്നിരുന്നു. മാസ്റ്റർ അഭ്യാസികളെ ശുഭസൂചകമായ പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, കണ്ണാടി, നാണയങ്ങൾ എന്നീ വസ്തുക്കൾ അടങ്ങുന്ന വിഷുക്കണി ഒരുക്കാൻ അനുവദിച്ചു. പിന്നെ മാസ്റ്റർ ഒരു സിറ്റിംഗ് നൽകുകയും സഹോദരൻ കൃഷ്ണ മലയാളത്തിൽ കുറച്ച് വാക്കുകൾ സംസാരിക്കുകയും ചെയ്തു. വിഷുക്കണിയിൽ കണ്ണാടി കണ്ട അദ്ദേഹം പറഞ്ഞു, കണ്ണാടി നോക്കുമ്പോൾ നമ്മുടെ ഉള്ളിലെ മാസ്റ്ററെയാണ് നാം കാണേണ്ടത്.'' മാസ്റ്റർ പിന്നെ അവിടെയുണ്ടായിരുന്ന എല്ലാ സഹോദരീസഹോദരന്മാർക്കും വിഷുകൈനീട്ടം നൽകി.

2014 ഏപ്രിൽ 20, ഞായർ: മാസ്റ്റർ ധ്യാനമന്ദിരത്തിൽ വെച്ച് സത്സംഗം നടത്തി. 7:10 ആകുമ്പൊഴേക്കും അദ്ദേഹം ഹാളിൽ എത്തുകയും പത്ത് മിനിറ്റിൽ കൂടുതൽ നേരം സത്സംഗം തുടങ്ങുവാനായി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്തു. സത്സംഗം കഴിഞ്ഞ് അദ്ദേഹം 3 വിവാഹങ്ങളും നടത്തിക്കൊടുത്തു. സാധാരണയായി അറിയിപ്പുകൾ ഉണ്ടാകുമ്പോൾ അവസാനം, "മാസ്റ്റർ ഹാളിൽ നിന്നു പോവുന്നതുവരെ എല്ലാവരും ഹാളിൽ തന്നെ ഇരിക്കുക" എന്നുകൂടെ പറയാറുണ്ടായിരുന്നു. പക്ഷെ അന്നത് പറയാൻ മറന്നത് കാരണം മാസ്റ്റർ സഹോദരൻ പ്രകാശിനോട് അത് വിളിച്ച് പറയാനാവശ്യപ്പെട്ടു. മാസ്റ്റർ കോട്ടേജിലേക്ക് പോയി കുറച്ചു സമയം ഗീതാ പാരായണം കേൾക്കുകയും പിന്നീട് വിശ്രമിക്കാൻ പോവുകയും ചെയ്തു.

## ഗൾഫ് സെമിനാർ: 25–30 മാർച്ച് 2014

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നാന്നൂറോളം അഭ്യാസികളും നൂറോളം കുട്ടികളും സെമിനാറിൽ പങ്കെടുത്തു. ഇരുപത്തഞ്ചാം തിയ്യതി കമലേഷ് ഭായ് രാവിലെ 9 മണിക്ക് സത്സംഗം നടത്തുകയും സാധനയുടെ ആവശ്യകതയെക്കുറിച്ച് ഒരു അതിമനോഹരമായ പ്രഭാഷണത്തോടുകൂടി സെമിനാർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. എല്ലാ ദിവസവും രാവിലെ ഒരു പ്രഭാഷണവും വൈകുന്നേരം പല വിഷയങ്ങളുടെ അവതരണങ്ങളും ഉണ്ടായിരുന്നു. ഇരുപത്തി ഒൻപതാം തിയ്യതി സഹോദരൻ കമലേഷ് സമാപന ചടങ്ങിൽ പങ്കെടുത്തവരോട് ശരിയായ പരിശീലനത്തെപ്പറ്റിയും, പുത്തനുണർവുള്ള ഒരു ജനത ഉത്ഭവിക്കാനും അതുവഴി മെച്ചപ്പെട്ട ഒരു ലോകത്തെ സൃഷ്ടിക്കുവാനും ഇട വരുത്തുന്ന കൂട്ടായ സ്പന്ദനങ്ങൾ, എന്നാണ് 'എഗ്രെഗോർ' എന്നതിന്റെ അർത്ഥം എന്നും വിശദീകരിച്ചു. ഡോക്റ്റർമാരുടെ ഉപദേശത്തെ വകവെക്കാതെയും പനിയും അവശതയും മറന്ന് മാസ്റ്റർ മുപ്പതാം തിയ്യതി സത്സംഗം കഴിഞ്ഞ് എല്ലാ അഭ്യാസികളെയും കാണാൻ പോയി.



## യൂറോപ്യൻ പ്രിഫെക്റ്റുകളുടെ സെമിനാർ, മണപ്പാക്കം, 15–20 ഫിബ്രവരി, 2014

യൂറോപ്പിലെ ഏതാണ്ട് എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള 310 അഭ്യാസികൾ തങ്ങളെ ആത്മ പ്രതിഫലന തലങ്ങളിലേക്ക് നയിച്ച ഈ സെമിനാറിൽ പങ്കെടുത്തു. മാസ്റ്റർ സ്ഫുടീകരണത്തെപ്പറ്റി സംസാരിച്ചു: എന്തുകൊണ്ടാണ് സൃഷ്ടിയുടെയും സമാരംഭങ്ങളുടെയും തലത്തിലുള്ള ഗുരുക്കന്മാർക്ക് അനുഭവജ്ഞാനം ആവശ്യമായി വരുന്നതെന്നും, മേന്മയുള്ളതും കൃത്യവുമായ അളവിലുള്ള വിവേചനശക്തി ലഭിക്കാനായി അവരുടെ പ്രവൃത്തിയെ സ്നേഹിക്കേണ്ടിവരുന്നതിനെപ്പറ്റിയും മാസ്റ്റർ പറഞ്ഞു. അദ്ദേഹം സ്നേഹത്തോടെയും ആത്മാർത്ഥതയോടെയും കൂടി ഉണ്ടാക്കിയ ഒന്നും അലസമായും അശ്രദ്ധമായും ഉണ്ടാക്കിയ ഒന്നും തമ്മിലുള്ള അന്തരത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു.

സഹോദരൻ കമലേഷ് നടത്തിയ മറ്റു പ്രഭാഷണങ്ങൾ തന്നെക്കാളും മറ്റുള്ളവരെ സ്നേഹിക്കുന്ന ലാലാജിയുടെ മനോഭാവത്തെയും ബാബുജി അതിസൂക്ഷ്മ മായി സ്ഫുടം ചെയ്തെടുത്ത ബോധത്തിന്റെയും സംവേദനക്ഷമതയുടെയും ഉടമയായിരുന്നു ബാബുജിയെന്നും അവരെ ഓർമിപ്പിക്കുന്നതായിരുന്നു. പ്രിഫെക്റ്റുകൾ തങ്ങൾ എങ്ങനെയൊക്കെ ഇപ്പോഴും മതസംബന്ധമായ കാര്യങ്ങളാൽ ബാധിക്കപ്പെടുന്നുവെന്നതിനെക്കുറിച്ച് ചെറിയ കൂട്ടമായി ഇരുന്ന് ചർച്ച ചെയ്തു.

ഒരു പഴയ ചിത്രം അതിന്റെ പൂർവാവസ്ഥയിലെക്ക് തിരിച്ചുകൊണ്ടുവരാനാവശ്യമായ ശ്രദ്ധയും കഴിവും ലാളിത്യവും കൊണ്ട് മാസ്റ്റർ തങ്ങളെ പ്രചോദിപ്പിച്ചതായി അവർക്കെല്ലാവർക്കും തോന്നി. സഹജമാർഗ്ഗത്തിൽ ഹതാശനും പരാജിതനുമായ ഒരാളെ തിരിച്ച് അയാളുടെ ദൈവീകമായ സ്ഥിതിയിലേക്ക് കൊണ്ടുവരാനുള്ള ഒരു ശ്രേഷ്ടമായ സാധ്യത നമുക്കുണ്ട്.

> "മനുഷ്യൻ യഥാർത്ഥ മനുഷ്യനാകുന്നത് തന്റെ ദൃഷ്ടി അന്തസത്തയിലേക്ക് തിരിക്കുമ്പോഴാണ്. യഥാർത്ഥ സത്യാന്വേഷണം അവിടെയാണ് നടക്കുന്നത്. അതിൽ നിന്ന് വ്യതിചലിക്കാത്തവർ, സകലതും സ്വയംഭൂവായി അവതരിച്ച ആനഭസ്സിൽ അടിയുറച്ച് നിൽക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവൻ ഉറവിടവുമായി തന്റെ ബന്ധം സ്ഥാപിക്കുകയാണ്. പിന്നെയുള്ളത് അതിന്റെ വ്യാപനമാണ്, അതിന് നിർദ്ദേശിച്ചിരിക്കുന്ന സാധന പര്യാപ്തമാണ്."
>
> ബാബുജി മഹരാജ്
>
> രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ, വാല്യം 2, പേജ് 59

# വാക്കുകൾ പ്രചാരമാക്കാൻ

## അഹമ്മദാബാദ്, ഗുജറാത്ത്





ഒരു അഭ്യാസി നടത്തുന്ന ‘ഭാരതീയ യോഗ സംസ്ഥാൻ’ സെൻററിൻെറ ആഭിമുഖ്യത്തിൽ അവിടത്തെ യോഗ ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്കായി ജോഗേർസ് പാർക്കിൽ മാർച്ച് ഏഴാം തിയ്യതി വൈകീട്ട് 5.30–ന് ‘ആരോഗ്യകരമായ ജീവിതത്തിന് സന്തോഷകരമായ ജീവിതം നയിക്കൂ’ എന്ന പേരിലൊരു പരിപാടി സംഘടിപ്പിക്കപ്പെട്ടു.

ഡോ.വിനോദ്അഗർവാളും സഹോ.ഭദ്രേഷും ‘ധ്യാനത്തിൻെറ പ്രാധാന്യം’, ‘മനുഷ്യ ജീവിതത്തിൽ ഗുരുവിൻെറ പങ്ക്’, ‘സഹജമാർഗ്ഗത്തിൻെറ സവിശേഷ ഗുണങ്ങൾ’ എന്നീ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി. സുമാർ തൊണ്ണൂറുപേർ പങ്കെടുത്ത യോഗത്തിൽ നാൽപതോളം പേർ മിഷൻെറ പ്രവർത്തനങ്ങളിൽ താൽപര്യം കാണിച്ചു. പലരുടേയും സംശയങ്ങൾ പ്രിഫെക്റ്റുകൾ ഉത്തരങ്ങൾ കൊടുത്തു.

## താടിപത്രി, അനന്തപൂർ ജില്ല, ആന്ധ്രപ്രദേശ്

കടപ്പയിലും താടിപത്രിയിലും വിവിധ കോളേജുകളിൽ മാർച്ച് മാസത്തിൽ നടത്തിയ പല പൊതുസദസ്സുകൾക്കും ഗംഭീരമായ പ്രതികരണമുണ്ടായി. 275–ൽ അധികം വിദ്യാർത്ഥികൾ ധ്യാനം തുടങ്ങുവാൻ താത്പര്യം കാണിച്ചതിൽ 170 ഓളം പേർ ധ്യാനം തുടങ്ങി. ഇതിൽ 120 പേർ താടിപത്രി എഞ്ചിനീയറിംഗ് കോളേജിൽനിന്നുള്ളവരായിരുന്നു. ഇതിലേക്കായി ആന്ധ്രപ്രദേശിലെ വിവിധ ഭാഗങ്ങളിൽനിന്നും ഇരുപതോളം പ്രിഫെക്റ്റുകൾ വന്നിരുന്നു. ഈ പരിപാടി സംഘടിപ്പിച്ച പ്രിഫെക്റ്റുകൾക്കും സന്നദ്ധസേവകർക്കും ആത്മീയസാഫല്യം ആഗ്രഹിക്കുന്നന്ന പലരും അതിന് സജ്ജരാണെന്നും, മാസ്റ്ററുടെ പ്രവൃത്തികൾ ചുരുളഴിയുകയുമാണെന്ന് തോന്നി. തടിപത്രിയിലെ ഒരു കോളേജ് അധികാരികൾ അവരുടെ സ്ഥാപനത്തിൽതന്നെ പ്രാരംഭ സിറ്റിങ്ങിനു സൗകര്യമൊരുക്കുകയും, സ്ഥിരമായി ബുധനാഴ്ചകളിലെ സത്സംഗത്തിന് ഒരു മുറി അനുവദിക്കുകയും ചെയ്തു. 18 വയസ്സിൽ താഴെയുള്ള പല വിദ്യാർത്ഥികളും താത്പര്യമുണ്ടെങ്കിലും പ്രായത്തിൻെറ കുറവുകൊണ്ട് മാത്രം സാധന തുടങ്ങാൻ പറ്റാത്തതിൽ നിരാശരായി.

## കടപ്പ

കടപ്പയിൽ ഒരു ഡെൻറൽ കോളേജിലും, ഒരു എഞ്ചിനീയറിംഗ് കോളേജിലും ഒരു പി.ജി.കോളേജിലും, ഒരു പ്രാദേശിക ബാങ്കിലും, ഒരു യോഗ സെൻെററിലുമടക്കം അഞ്ച് പൊതുസദസ്സുകൾ നടത്തി. പൊതുസദസ്സുകൾക്ക്, പ്രത്യേകിച്ചും കോളേജുകളിൽ, വളരെ നല്ല പ്രതികരണമായിരുന്നു, അൻപതോളം വിദ്യാർഥികൾ ഉടനെ സഹജമാർഗ്ഗ പരിശീലനം തുടങ്ങാൻ ഉത്സാഹം പ്രകടിപ്പിച്ചു. വേറൊരു പൊതുസദസ്സ് കടപ്പ ജില്ലയിലെ പുളീവേന്തുലയിൽ നടത്തി. ഈ പരിപാടിക്ക് വളരെ നല്ല പ്രതികരണമായിരുന്നു. വേമ്പള്ളി, പുളീവേന്തുല, കടപ്പ, താടിപത്രി, ഹൈദരാബാദ് എന്നിവടങ്ങളിലെ പ്രിഫെക്റ്റുമാരും ആർ.ടി.പി.പി, കദിരി എന്നിവടങ്ങളിൽന്നുള്ള ഏതാനും അഭ്യാസികളും സിറ്റിങ്ങുകൾ നടത്താൻ സഹായിച്ചു.

## കൊരുത്‌ല, മേട്പള്ളി സെൻററുകൾ, വടക്കെ ആന്ധ്രപ്രദേശ്

ആന്ധ്രപ്രദേശ് നോർത്ത് സോണൽ ഇൻ ചാർജ് സഹോ.മധു കൊത്തപ്പള്ളിയും സംഘവും ജഗത്യാൾ പ്രാദേശിക പ്രിഫെക്റ്റും കൂടി ആന്ധ്രപ്രദേശിലെ വടക്കെ ഭാഗങ്ങളിൽ പര്യടനം നടത്തിയവേളയിൽ ജഗത്യാളിൽനിന്നും അഞ്ചു കിലോമീറ്റർ ചുറ്റളവിൽ കൊരുത്‌ലയിലും മേട്പള്ളിയിലുമായി രണ്ട് പുതിയ സെൻററുകൾ തുറന്നു. തിരികെ വരുന്ന സമയത്ത് ആ സംഘം ഒരു ചായക്കടയിൽ നിർത്തുകയും പുതിയ സെൻററുകൾ മാസ്റ്ററുടെ അനുഗ്രഹത്തോടെ നല്ല നിലയിൽ പ്രവർത്തനം തുടങ്ങുവാനായി പ്രാർത്ഥിക്കുകയും ചെയ്തു. ഒരു മാസത്തിനകം സഹോ.മഞ്ചല കൃഷ്ണ ഈ പുതിയ സെൻററുകളിൽ പൊതുസദസ്സുകൾ ഒരുക്കി. സഹോ. കൃഷ്ണറാവു കൊരുത്‌ലയിൽ സഹജമാർഗ്ഗത്തെ പരിചയപ്പെടുത്തുകയും ഇരുപതു പേർ പ്രാരംഭ സിറ്റിംഗ് എടുക്കുകയും ചെയ്തു. സഹോ.സിങ്കമ രാജു മേത്പ്പള്ളിയിൽ പത്തു പുതിയ അഭ്യാസികൾക്കു സ്വാഗതം









പറഞ്ഞുകൊണ്ട് പദ്ധതിയെക്കുറിച്ചു സംസാരിച്ചു. അതേ ആവേശത്തോടുകൂടി ജഗത്യാളിലും, കരിംനഗറിലും, കൊത്തഗൂഡത്തിലും സിദ്ദിപ്പെട്ടിലും കൂടുതൽ പൊതുസദസ്സുകൾ നടത്തപ്പെട്ടു. സുമാർ നൂറു അഭാസികൾ ആദ്യത്തെ സിറ്റിംഗ് എടുത്തു. പതിവുപോലെ, ഹൃദയംതുറന്ന പ്രാർത്ഥന ശരിയായ ഫലം നൽകി.

## പാലക്കാട്, കേരളം

പാലക്കാട് ആശ്രമത്തിൽനിന്നും 25 കിലോമീറ്റർ അകലെ വടവന്നൂരിലെ നായർ സർവിസ് സൊസൈറ്റിയിൽ സഹോദരി ശ്യാമള മേനോൻ ഒരു പൊതുസദസ്സ് സംഘടിപ്പിച്ചു. ചില അഭ്യാസികളടക്കം ഇരുപത്തഞ്ച് പേർ പരിപാടിയിൽ പങ്കെടുത്തു. സഹോ. കെ.ടി.കൃഷ്ണൻ (സെൻറർ ഇൻ ചാർജ്) 'മതവും ആത്മീയതയും' എന്ന വിഷയത്തേക്കുറിച്ച് സംസാരിക്കുകയും മനുഷ്യ ജീവിതത്തിൽ ആത്മീയതയുടെ പ്രധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. സഹോ മുരളീധരൻ "മാനവ ജീവിതത്തിൻെറ ഉദ്ദേശ്യം" എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു, കൂടാതെ ലക്ഷ്യപ്രാപ്തിയിൽ ആദ്ധ്യാത്മികയുടെ പങ്കിനെക്കുറിച്ചും വിശദീകരിച്ചു. ഇതിന് ശേഷമൊരു ചോദ്യോത്തരവേളയുമുണ്ടായി.

## ഖരഗ്പൂർ, പശ്ചിമ ബംഗാൾ

മാർച്ച് 8-ന് ഖരഗ്പൂരിനടുത്തുള്ള രൂപ്നാരായൺപൂരിലെ ടാറ്റാ ഹിറ്റാച്ചി കമ്പനിയിലെ തൊഴിലാളികൾക്കായി 2 മണിക്കൂർ നീണ്ടുനിന്നൊരു ധ്യാന അവബോധന പരിപാടി സംഘടിപ്പിച്ചു. സഹോ.ശ്രീലത ഏകോപനം ചെയ്ത പരിപാടി നടത്തിയത് സഹോദരി ചന്ദർകാന്ത അറോറ, സഹോ. സി.എസ്.ആർ. മൂർത്തി, ബി.ബി.ബേറ കൂടാതെ മറ്റ് ചില വളൻറിയർമാരും കൂടിയാണ്. ഒരു സന്തുലിത ജീവിതത്തിൻെറ ആവശ്യകതയെയും പ്രാധാന്യത്തേയും കുറിച്ച് വിശദീകരിച്ച പ്രാസംഗികർ ആദ്ധ്യാത്മികത അത് കൈവരിക്കാനെങ്ങിനെ സഹായിക്കുമെന്ന് പറഞ്ഞു. സഹജമാർഗ്ഗ പദ്ധതിയെക്കുറിച്ച് ലഘുവായി അവർ വിശദീകരിച്ചു. ഖരഗ്പൂർ സെൻററിലെ പ്രശാന്ത സുന്ദരമായ അദ്ധ്യാത്മികത നിറഞ്ഞ അന്തരീക്ഷത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്തു കൊണ്ടാണ് പരിപാടി സമാപിച്ചത്.

## മൈസൂർ, കർണ്ണാടക

മിഷൻെറ ജോ.സെക്രട്ടറിയായ സഹോ.എ.പി.ദുരൈ മൈസൂരിലെ കർണ്ണാടക പോലീസ് അക്കാദമി സന്ദർശിച്ചു. ഈ വേളയിൽ ഫിബ്രവരി 16, 17 തിയ്യതികളിൽ രണ്ട് പൊതുസദസ്സുകൾ സംഘടിപ്പിച്ചിരുന്നു. മൊത്തം 120 പ്രൊബേഷണറി സബ് ഇൻസ്പെക്ടർമാർ പങ്കെടുത്ത പരിപാടിയിൽ 33 ട്രെയിനികൾക്ക് സിറ്റിംഗ് നൽകി. ഏപ്രിൽ അവസാനത്തോടെ എല്ലാ ട്രെയിനികൾക്കും മറ്റ് സ്റ്റാഫംഗങ്ങൾക്കും സഹജമാർഗ്ഗ പരിശീലനം നൽകും. ട്രെയിനികൾ എട്ട് മാസം അക്കാദമിയിലുണ്ടാവുമെന്നതിനാൽ ക്യാമ്പസിൽ തന്നെ ഞായറാഴ്ച്ചയിലെ സത്സംഗത്തിനും കൂടാതെ വ്യക്തിഗത സിറ്റിംഗുകൾക്കും പദ്ധതിയിട്ടിട്ടുണ്ട്. പരിശീലനത്തിന്ശേഷം അവർ കർണ്ണടകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിയമിതരാകും. മൈസൂർ ഭാഗത്തെ എട്ട് പ്രിഫെക്റ്റുകളും ഈ പരിപാടിയിൽ പങ്കെടുത്തു.

## തമിഴ്നാട്

മാർച്ച് 16 മുതൽ 21 വരെ നീണ്ട് നിന്ന തഞ്ചാവൂർ, തൂത്തുകുടി കൂടാതെ തിരുനൽവേലി ജില്ലകളിലെ തൻെറ യാത്രയിൽ ജോ.സെക്രട്ടറി സഹോ.എ.പി.ദുരൈ നിരവധി സെൻററുകൾ സന്ദർശിക്കുകയും അഭ്യാസികളുമായി ഇടപഴകുകയും കൂടാതെ നിരവധി പൊതുസദസ്സുകൾ നടത്തുകയും ചെയ്തു.

തഞ്ചാവൂരിൽ നിന്നും 15 കി.മി. ദൂരത്തുള്ള സർക്കാർ വകയുള്ള പഞ്ചസാര ഫാക്ടറിയിലെ മുപ്പത് തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തൊരു പരിപാടി അവിടത്തെ 'എംപ്ലോയീസ് ക്ലബിൽ' പ്രിഫെക്ടുമാരായ സഹോ. സുബ്രമണ്യനും മുരുഗേശനും നടത്തി. അഞ്ച് പേർ ഉടനടി സിറ്റിംഗെടുത്തു. തഞ്ചാവൂരിലെ 'വെട്രി ഐ.എ.എസ് അക്കാദമിയിലെ' 80 വിദ്യാർത്ഥികൾക്കായി സഹജമാർഗ്ഗം പരിചയപ്പെടുത്തി.

തൂത്തുക്കുടിയിലെ 'വി.ഒ.സി' അധ്യാപന പരിശീലന കോളേജിലെ പരിപാടിയിൽ 120 അദ്ധ്യാപക ട്രെയിനികൾ പങ്കെടുത്തു. സ്പിക്നഗറിനടുത്തുള്ള മുത്തിയാപുരത്തിൽ 20 സ്ത്രീകൾ പ്രഭാഷണങ്ങൾ കേട്ടു, അതിൽ 5 പേർക്ക് പ്രാരംഭ സിറ്റിംഗുകൾ നൽകി.

ശ്രീവൈകുണ്ഠത്ത് KGS കോളേജ് ഓഫ് ആർട്സിലായിരുന്നു പരിപാടി. വടക്കൻകുളത്തിൽ അരുൾ കോളേജ് ഓഫ് എഞ്ചിനീറിങ്ങിലെയും രാജാസ് കോളേജ് ഓഫ് എഡ്യുകെഷനിലെയും വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.

തിരുചെന്തൂരിനും ഉദംഗുഡിക്കും മദ്ധ്യേയുള്ള കചനവിലയിലെ സെർവൈറ്റ് കോൺവെൻറിലേക്ക് ഒരു സന്ദർശനം നടത്തുകയുണ്ടായി, പ്രിഫെക്ടായ സിസ്റ്റർ അകിലിന ക്രിസ്തുവിൻെറ ഉപദേശങ്ങളിൽ നിന്നും സഹജമാർഗ്ഗ സാധനയിലേക്കുള്ള അവസ്ഥാന്തരത്തെക്കുറിച്ചൊരു പ്രഭാഷണം അവിടെ നടത്തി. അവിടെയുള്ള അഞ്ച് കന്യാസ്ത്രീകൾ പ്രാരംഭ സിറ്റിംഗുകളെടുത്തു.

ഉദംഗുഡി സബ് സെൻററിൽ സഹോ. മുത്തുകൃഷ്ണൻെറ ഭവനത്തിൽ നടന്ന പൊതു സദസ്സിന്ശേഷം 5 പ്രാരംഭ സിറ്റിംഗുകളുണ്ടായി. വടക്കൻകുളത്തിൽ ആശ്രമത്തിൽ നടന്ന പൊതുസദസ്സിൽ 10 അതിഥികളുണ്ടായിരുന്നു. സോണൽ-ഇൻ-ചാർജ്ജ് സഹോ. രാമനാഥനും പ്രാദേശിക പ്രിഫെക്ടുമാരായ സഹോദരി മീര ശങ്കർ കൂടാതെ സഹോ. രാമദാസ്, നല്ലയിരം, കൃഷ്ണരാജൻ എന്നിവരെല്ലാവരും ഈ സംരംഭത്തിൻെറ ഭാഗമായിരുന്നു.



## രാജമുണ്ഡരി,എ.പി.



ആന്ധ്ര തീരദേശസോണിലെ ശ്രീകാകുളം, വിജയനഗരം, വിശാഖപട്ടണം, പൂർവ്വ പശ്ചിമ ഗോദാവരി സംസ്ഥാനങ്ങളിൽനിന്നുംമറ്റുമായി ഇരുപത്തിരണ്ടു പ്രിഫെക്റ്റുമാർ രാജമുണ്ഡരിയിലെ പുതിയ ആശ്രമത്തിൽ ഏപ്രിൽ 14ന് ഒത്തുകൂടി. എങ്ങനെ സിറ്റിംഗ് കൊടുക്കാം എന്ന മാസ്റ്ററുടെ സിഡി പ്രദർശനത്തോടെ ZIC ആദിനാരായണയുടെ അദ്ധ്യക്ഷതയിൽ പരിപാടികൾ ആരംഭിച്ചു. മാസ്റ്ററുടെ സേവനത്തിന് വേണ്ടി എല്ലാവരും നല്ല പ്രശിക്ഷകരായും പ്രവർത്തകരായും മാറേണ്ടതിൻെറ ആവശ്യകത അദ്ദേഹം എടുത്തു കാട്ടി. കുട്ടികളേയും ചെറുപ്പക്കാരേയും മിഷനിലേക്ക് ആകർഷിക്കുന്നതിലേക്കുള്ള മാർഗ്ഗത്തെക്കുറിച്ച് അദ്ദേഹം വിവരിച്ചു. നല്ല രീതിയിൽ എങ്ങനെ പ്രശിക്ഷകൻെറ ജോലി ചെയ്യാം എന്നതിനെക്കുറിച്ചും കുട്ടികൾക്കുവേണ്ടി യുള്ള ചില പരിപാടികളും ആസൂത്രണം ചെയ്തു തങ്ങൾ വിജയപ്രദമായി പരീക്ഷിച്ച മാർഗ്ഗങ്ങൾ ചിലർ പങ്കു വെച്ചു. പ്രശിക്ഷകർ പരസ്പരം സിറ്റിംഗ് എടുക്കുകയും തങ്ങളുടെ നിരീക്ഷണങ്ങൾ പങ്കു വെക്കുകയും ചെയ്തു. Esoteric symbol പ്രതിപാദിക്കുന്ന വിസ്പേർസിലെ ചില പേജുകൾ വായിക്കാനും ചിന്തിക്കാനുമായി വിതരണം ചെയ്തു. സത്സംഗത്തോടെ അവസാനിച്ച ഈ പരിപാടി വളരെയധികം ഗുണപ്രദവും ഫലപ്രദവും ആയിരുന്നു.

## ജസ്വന്ത്ഗഢ്, നാഗോർ ജില്ല, രാജസ്ഥാൻ

ജസ്വന്ത്ഗഢ്, ലഢൺ, ദിദ്വാന, സുജൻഗഢ് എന്നീ കേന്ദ്രങ്ങളിൽനിന്നും ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളിൽനിന്നുമായി തൊണ്ണൂറോളം അഭ്യാസികൾ അസാവ ഗസ്റ്റ് ഹൗസിൽ സമ്മേളിച്ചു. പരിപാടിയുടെ ചുക്കാൻ പിടിച്ചത് ZIC വികാസും, ജോദ്പൂരിൽനിന്നുള്ള അനിൽ എന്ന സഹോദരനുമായിരുന്നു. സത്സംഗത്തിനുശേഷം മാസ്റ്ററുടെ ഒരു വീഡിയോ പ്രദർശിപ്പിച്ചു. പ്രഭാത ഭക്ഷണത്തിനുശേഷം ഒരു ഭജൻ ഉണ്ടായി. അതിനുശേഷം സത്യോദയത്തിലെ ഒരദ്ധ്യായം (ഓഡിയോ) കേൾപ്പിച്ചു. അഭ്യാസികളെ നാലു ഗ്രൂപ്പുകളായി തിരിച്ച് അപ്പോൾ ശ്രവിച്ച സത്യോദയത്തിലെ അദ്ധ്യായങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചു. സഹജമാർഗ്ഗത്തിലെ അടിസ്ഥാന കാര്യങ്ങളെക്കുറിച്ചായിരുന്നു അടുത്ത ചോദ്യാവലി. വ്യക്തിഗതാനുഭവങ്ങളെക്കുറിച്ചുള്ള കുറെയധികം സംശയങ്ങൾ അഭ്യാസികൾ ദുരീകരിച്ചു.



## അഹമ്മദാബാദ്, ഗുജറാത്ത്

അഹമ്മദാബാദിലെ അദ്‌ലജ് ആശ്രമത്തിലെ അടുക്കള തോട്ടത്തിൽ ജോലി ചെയ്യുന്നതിനായി കാർഷിക പരിചയമുള്ള ഒരു സംഘം സഹോദരീ സഹോദരന്മാർ മുന്നോട്ട് വന്നു. അഭ്യാസികൾക്ക് ചുരുങ്ങിയ നിരക്കിൽ ശുദ്ധവും, പുതിയതും രാസവളങ്ങൾ ചേർക്കാത്തതുമായ പച്ചക്കറികൾ നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ സംരംഭം ആരംഭിച്ചത്. ഇങ്ങിനെയുണ്ടാക്കിയ ഈ പച്ചക്കറികൾ ആശ്രമത്തിൽ ഞായറാഴ്ചകളിലും മറ്റവസരങ്ങളിലും ഉപയോഗിച്ചിരുന്നു. ഈ പച്ചക്കറി കൃഷിയിൽ കുട്ടികളേയും ഉൾപ്പെടുത്തി പരിശീലിപ്പിക്കുന്നുണ്ട്. ഈ സന്നദ്ധ സേവകരുടെ അത്യദ്ധ്വാനത്താൽ ആശ്രമത്തിന് സ്വന്തമായി നല്ലൊരടുക്കള തോട്ടമുണ്ട്.

## വരംഗാവ്, മഹാരാഷ്ട്ര

വരംഗാവ്, ഭുഡാവൽ, ഖിർഡി, ദീപ്നഗർ, ജൽഗാവ്, സുലേ എന്നീ പ്രദേശങ്ങളിൽനിന്നെല്ലാമായി ഏപ്രിൽ ആറിന് അമ്പതോളം അഭ്യാസികൾ ഒത്തു ചേരുകയുണ്ടായി. അര ദിവസത്തെ പ്രോഗ്രാമായിരുന്നു അത്. ദശസൂക്തങ്ങളും സ്വഭാവ രൂപീകരണവും എന്ന വിഷയത്തെക്കുറിച്ച് ഒരു ചർച്ചയുണ്ടായി. തുടർന്ന് 'എറേർ ഓപ്പർച്യൂണിറ്റി' എന്ന വീഡിയോ പ്രദർശനവുമുണ്ടായി.

അത് കഴിഞ്ഞ് ഒരു പൊതുയോഗവും, കുട്ടികൾക്കുവേണ്ടിയുള്ള പരിപാടിയും ഉണ്ടായിരുന്നു. തുടർന്ന് സഹജമാർഗ സാധനയെക്കുറിച്ചും നിരന്തര സാധനയിലൂടെ ചിന്തകള ഗുണാത്മകമായ രീതിയിൽ ലളിതമായും ഫലപ്രദമായും എങ്ങിനെ തിരിച്ചു വിടാൻ സാധിക്കുമെന്നും മറ്റും അനൗപചാരികമായ ചർച്ചയും നടന്നു.









## വി.ബി.എസ്.ഇ. സൂരത്ത്, ഗുജറാത്ത്

ഏപ്രിൽ 12–ാം തിയതി പിപ്ലോദ്, റെഡിയൻറ് അക്കാദമി സെൻറർ, ഉമ്രയിൽ വെച്ച് സൂറത്ത് സെൻറർ അവിടെ വി.ബി.എസ്.ഇ. ആരംഭിക്കുന്നതിനായി 'വിദ്യാഭ്യാസത്തിൽ മൂല്യങ്ങളുടെ ആവശ്യകത' എന്ന രക്ഷിതാകളുടെ നവീകരണ പരിപാടി സംഘടിപ്പിച്ചു. 120 രക്ഷിതാക്കൾ, പ്രിൻസിപ്പാൾ, ട്രസ്റ്റീ, മറ്റു ജീവനക്കാർ എന്നിവർ ഇതിൽ പങ്കെടുത്തു. 9–ാം ക്ലാസ് വിദ്യാർത്ഥികൾക്കായി 2014 ജൂൺ 2015 മാർച്ച് കാലത്ത് സ്പിരിച്വൽ ഹയറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റിൻെറ VBSE മാതൃക തുടങ്ങും. രക്ഷിതാക്കളുടെ ഈ പരിപാടിക്കുള്ള പ്ര തികരണം അനുപമമായിരുന്നു. രക്ഷിതാക്കൾക്കും കുട്ടികളുടെ ഭാവിയിൽ പ്രധാന പങ്കുണ്ടെന്ന് തിരിച്ചറിഞ്ഞ് പല രക്ഷിതാക്കളും ഇത്തരം സംരംഭം അവർക്കായും വേണമെന്ന് താൽപര്യപ്പെട്ടു.

## യു–കണക്റ്റ്–ജയ്പ്പൂർ, രാജസ്ഥാൻ

യു–കണക്റ്റിൻെറ ആദ്യത്തെ നവീകരണ പരിപാടി ആർച്ച് പോയൻറ് കൺസൾട്ടൻറ് ലിമിറ്റഡ്, ജയ്പൂരിൽ നടത്തി. പത്ത് പങ്കാളികൾ പരസ്പരവും ഫാക്കൾട്ടിയുമായും പരിചയപെട്ടു കൊണ്ട് പരിപാടി തുടങ്ങി. മുഖ്യ പ്രഭാഷകൻ ഡോ.ആശിഷ് ജോഹ്രി തുടർന്നുള്ള പതിനാറു പരിപാടികളിലേക്കുൾപ്പെടെ പരിപാലിക്കേണ്ട നിയമാവലി തയ്യാറാക്കാൻ എല്ലാവരേയും ക്ഷണിച്ചു. പിന്നീട് പ്രഭാഷകൻ വിവരിച്ച കാട്ടു താറാവിൻെറ കഥ, ജീവിതത്തിൽ വേണ്ട സമയത്ത് ശരിയായത് ചെയ്യുന്നതിൻെറ ആവശ്യകതയിലേക്ക് എത്തിനോക്കുന്നതിന് പ്രചോദനമായി. കഥയെ തുടർന്ന്, ആത്മീയ പുരോഗതിയുടെ ചിന്ത ഉദിക്കുന്നതിനുദ്ദേശിച്ചുള്ള ചോദ്യവേളയുണ്ടായി. കഥകളിലൂടെയും ചോദ്യാവലിയിലൂടെയും, ആത്മീയ ജീവിതം പിന്തുടരുന്നതിനെപ്പറ്റി സഹോ. ആശിഷ് ഊന്നിപ്പറഞ്ഞു. പരസ്പര ആശയവിനിമയത്തോടെയുള്ള ഈ പരിപാടിയിൽ പങ്കെടുത്തതിൽ എല്ലാവരും സന്തോഷവാന്മാരായിരുന്നു.

## വളൻറിയർമാർക്കുള്ള പരിപാടി, മുംബൈ

ഫെബ്രുവരി 19ന് 40 അഭ്യാസികൾ മുംബൈയിലുള്ള ഉദയഗിരിയിലെ സഹോ. ശുഭ നായക്കിൻെറ വസതിയിൽ ഒത്തുകൂടി. സഹോ. മോഹൻദാസ് ഹെഗ്ഡെ ചൊല്ലുകൾ, ഉപാഖ്യാനം, സ്വാനുഭവങ്ങൾ എന്നിവയിലൂടെ മിഷനിലെ വളൻറിയർ ജോലിയെപ്പറ്റി സംസാരിച്ചു. മിഷനിലേക്കുള്ള വാഹകരാവേണ്ടത് ആവശ്യമാണെന്നും സേവനത്തിലൂടെ സ്നേഹം വളർത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കമ്മിറ്റികളുടെ രൂപീകരണവും സഹകാരിത്വവും ഈ തുടക്കത്തിനുള്ള അടിത്തറയാണെന്നും അദ്ദേഹം പരഞ്ഞു. വളൻറിയർമാർ കൂടെയുള്ളവരെ മാസത്തിലൊരിക്കൽ 'എങ്ങനെ ഞാൻ നല്ല അഭ്യാസിയാകും, കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിന് എനിക്ക് എന്തു വേണം?,അതിന് ഞാൻ തുടക്കം കുറിച്ചുവോ' എന്ന ചോദ്യം മുന്നിൽ കണ്ട് വിളിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## ശ്രീനഗർ

ജമ്മുവിൽനിന്നുള്ള ഒരു സംഘം മാർച്ച് 28 മുതൽ 31 വരെ ശ്രീനഗർ സന്ദർശിച്ച് ധ്യാനം ശുദ്ധീകരണം തുടങ്ങിയവയുടെ GITP പരിപാടി ബദാമി ബാഗിലെ ഗ്രൂപ്പ് സെൻറർ CRPF ക്യാമ്പിൽ വെച്ച് സംഘടിപ്പിച്ചു. കർഫ്യൂകളും ബന്ദുകളും സർവ്വ സാധാരണമായ കലുഷിതമായ ശ്രീനഗരിലെ ആദ്യ സംരംഭമായിരുന്നു ഇത്.

ഏകദേശം 35 അഭ്യാസികൾ പങ്കെടുത്തു. കൂടുതൽ പേരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള CRPF കാരായിരുന്നു. സോൺ 11A ZIC ജമ്മുവിലെ സഹോ.സുരേന്ദർ ശർമ ഈ പരിപാടിയിലെ അദ്ധ്യക്ഷനായിരുന്നു. GITP നടത്തിയത് ജമ്മുവിൽനിന്നുള്ള സഹോ.ജുഗൽ കിഷോരും സഹോ.അശ്വിനി താക്കൂറുമായിരുന്നു.





## യുവാക്കളുടെ വേദികൾ



### ഭിൽവാഡ, രാജസ്ഥാൻ

ഫെബ്രുവരിയിലെ അവസാനത്തെ ഞായറാഴ്ച, രാവിലത്തെ ധ്യാനത്തിനുശേഷം, പന്ത്രണ്ട് യുവാക്കളുടെ പ്രത്യേക യോഗം ചേർന്നു. സഹോ.കമലേഷ് ലാലാജിയുടെ ജന്മദിനാഘോഷവേളയിൽ നടത്തിയ പ്രഭാഷണത്തിലെ എങ്ങിനെ നമ്മുടെ സ്വഭാവം ദൈനംദിന ജീവിതത്തിൽ അഭിവൃദ്ധിപ്പെടുത്താം എന്ന ഭാഗങ്ങൾ ഒരു സഹോദരി അവതരിപ്പിച്ചു. അതിനുശേഷം അഭ്യാസികൾ, സഹജമാർഗത്തിൽ ചേർന്നതിനുശേഷമുള്ള തങ്ങളുടെ സ്വഭാവ മാറ്റങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ പങ്കുവെച്ചു. സാധനയിൽ അവർ നേരിടുന്ന പ്രശ്നങ്ങളെ പ്രകടിപ്പിച്ചവരോട് 'സഹജമാർഗത്തിലെ അടിസ്ഥാനപ്രമാണങ്ങൾ' എന്ന പുസ്തകം വായിക്കുവാനും വ്യക്തിഗത സിറ്റിംഗിന് പോകുമ്പോൾ പ്രിഫെക്റ്റുമായി സംസാരിക്കുവാനും നിർദ്ദേശിച്ചു.

### വാരണാസി, യു.പി.

ഏപ്രിൽ 12–14 തിയതികളിൽ, എട്ട് പ്രശിക്ഷകർ, അഞ്ചു പ്രഭാഷകർ, പത്ത് സന്നദ്ധ സേവകർ, പന്ത്രണ്ട് യുവ അഭ്യാസികൾ എന്നിവർ പങ്കെടുത്ത മൂന്ന് ദിവസം നീണ്ട ഒരു സെമിനാർ വാരണാസി സെൻററിൽ സംഘടിപ്പിച്ചു. ആദ്യം, എല്ലാവർക്കും വ്യക്തിഗത സിറ്റിംഗുകൾ നൽകി. തുടർന്ന് സ്നേഹവും അച്ചടക്കവും, അനുസരണ, സേവനം, മാസ്റ്ററെ അംഗീകരിക്കുക, ദശ സൂക്തങ്ങൾ, സഹജമാർഗത്തിൽ യുവാക്കളുടെ പങ്ക്, എന്നീ വിഷയങ്ങളുടെ ചർച്ചയും, 'ആത്മീയത എന്തിന്', LMOIS, CREST, SMSF, SHPT, റിട്രീറ്റ് സെൻറർ എന്നീ പ്രസ്ഥാനങ്ങളെപ്പറ്റിയുള്ള അവതരണവും ഉണ്ടായിരുന്നു.

പങ്കെടുത്തവരോട്,അവിടെ നൽകിയ മിഷൻ പ്രസിദ്ധീകരണങ്ങളിൽ നിന്നും നിർദ്ദേശിച്ച വിഷയങ്ങളെപ്പറ്റി അവതരിപ്പിക്കുവാൻ പറഞ്ഞു. 'ജീവനത്തിൻെറ കല', 'പരിശീലനത്തിലൂടെ സമ്പൂർണ്ണത', 'സ്നേഹം ഗൃഹത്തിൽനിന്നും ആരംഭിക്കുന്നു', 'ക്ഷമയുടെ പ്രതിഫലം മധുരം', എന്നീ വിഷയങ്ങളെക്കുറിച്ചും അവതരണമുണ്ടായിരുന്നു. അതിനുശേഷം രണ്ടു മണിക്കൂർ സന്നദ്ധ സേവനം ചെയ്തു. കൂടാതെ മാസ്റ്ററുടെ പ്രഭാഷണങ്ങൾ, ഗോൾഡൻ സൈലൻസ്, ധ്യാനം എന്നിവയുമുണ്ടായിരുന്നു. അവസാനം ഈ യോഗത്തെക്കുറിച്ച് പങ്കെടുത്തവർ പരസ്പരം അനുഭവങ്ങൾ പങ്കുവെച്ചു.

### സോണൽ ഇൻ ചാർജിൻെറ സന്ദർശനം, മൊറാദാബാദ്, യു.പി.

ഏപ്രിൽ 13–ാം തിയതി സഹോ.അശോക് ഗാർഗ് (ZIC) മൊറാദാബാദ് സന്ദർശിച്ചു. സത്സംഗത്തിനുശേഷം സഹജമാർഗ്ഗ സാധനയുടെ പ്രാധാന്യത്തെക്കുറിച്ചും ഭണ്ഡാരയിൽ പങ്കെടുക്കുന്നതിൻെറ ആവശ്യകതയെക്കുറിച്ചും ഊന്നിപ്പറഞ്ഞു. പിന്നീട് പ്രശിക്ഷകരുടെ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ച അദ്ദേഹം സെൻററിൻെറ വളർച്ചക്കായുള്ള ഭാവി പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തു. അദ്ദേഹം ആശ്രമം കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്ത് സംശയം നിവാരണം ചെയ്യുകയും ആശ്രമം നടത്തിപ്പിനുള്ള ചെറു നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### സോണൽ ഇൻ ചാർജ്, തെക്കൻ തമിഴ്നാട്, മനമധുരൈ സന്ദർശനം

മനമധുരൈ, ശിവഗംഗ, കാരൈക്കുടി, പരമകുടി, രാമനാഥപുരം എന്നീ സെൻററുകളിൽനിന്നുമായി 130 അഭ്യാസികൾ പങ്കെടുത്ത ഒരു മുഴുദിന പരിപാടി ഫെബ്രുവരി 23ന് മനമധുരൈ സെൻററിൽ വെച്ച് നടത്തി. സത്സംഗത്തിനുശേഷം അഭ്യാസികളെ ഏഴു കൂട്ടമായി തിരിച്ചു. ഓരോ സംഘത്തിനും സഹജമാർഗ്ഗത്തിലെ അടിസ്ഥാന തത്വങ്ങളായ ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന, സേവനം, മാസ്റ്ററോടുള്ള സ്നേഹം, സ്വഭാവ രൂപീകരണം, തുടങ്ങിയ വിഷയങ്ങൾ നൽകി. ചർച്ചകൾക്കു ശേഷം ഒരു അഭ്യാസി അവരുടെ സംഘത്തിലെ അഭിപ്രായങ്ങൾ അവതരിപ്പിച്ചു.

അഭ്യാസികൾ സഹജമാർഗ തത്വങ്ങൾ മനസ്സിലാക്കണമെന്നും മാസ്റ്ററുടെ ആഗ്രഹം പോലെ ലളിതവും സരളവുമായ ജീവിതം നയിക്കണമെന്നും സഹോ. രാമനാഥൻ പറഞ്ഞു. ബാബുജിയുടെ 2013ലെ ജന്മദിനാഘോഷവേളയിൽ തിരുപ്പൂരിൽ കുട്ടികളുടെ സെൻററിൽ അവതരിപ്പിച്ച രസകരമായ പരിപാടികളുടെ പുനരാവിഷ്കരണവും നാടകവും കുട്ടികൾ അവതരിപ്പിച്ചു.

ഉച്ചഭക്ഷണശേഷം, നടന്ന ഒരു മണിക്കൂർ നീണ്ട ചോദ്യോത്തരവേള, അഭ്യാസികളുടെ ഹൃദയത്തിൽ സഹജമാർഗത്തെക്കുറിച്ചുള്ള ധാരണ അഗാധമാക്കി. പരിപാടി വൈകുന്നേരത്തെ സത്സംഗത്തോടെ സമാപിച്ചു.





## റായ്ചൂർ, കർണാടക

റായ്ചൂർ, ഗുൽബർഗ, ഷോരപ്പൂർ, ഗോഗി തുടങ്ങിയ സെൻററുകളിലെ നൂറോളം അഭ്യാസികൾക്കായി ഏപ്രിൽ 5, 6 തിയതികളിൽ “മിഷൻ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിൻെറ പ്രസക്തി” എന്ന വിഷയത്തെ അധികരിച്ച് ബാംഗ്ലൂരിൽനിന്നുള്ള സഹോ.വെങ്കട് റാവുവും സംഘവും ഒരു ദ്വിദിന പരിപാടി റായ്ചൂർ ആശ്രമത്തിൽ വെച്ച് നടത്തി. രണ്ടു ദിവസങ്ങളിലും രാവിലെ 7.30 ന് സത്സംഗത്തോടെ പരിപാടി തുടങ്ങി. പ്രഭാഷണങ്ങൾ, ചോദ്യോത്തര പരിപാടി, പരസ്പരം ആശയങ്ങൾ കൈമാറൽ, ക്വിസ് തുടങ്ങിയ പരിപാടികളും നടത്തി. സത്സംഗത്തോടെ പരിപാടി സമാപിച്ചു. സഹോ. ഗജേന്ദ്ര സിംഗ് ZIC–വടക്കേ കർണ്ണാടക പരിപാടിയിലുടനീളം സന്നിഹിതനായിരുന്നു. അദ്ദേഹത്തിൻെറ വിലയേറിയ അഭിപ്രായങ്ങൾ പ്രയോജനകരമായിരുന്നു. എല്ലാ അഭ്യാസികളും പരിപാടി പ്രയോജനപ്രദമായതായി അഭിപ്രായപ്പെട്ടു. ഗുബർഗ ആശ്രമത്തിൽ ഇതുപോലൊരു പരിപാടി ജൂൺ അവസാനവാരത്തിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.



## ഖരഗ്പൂർ, പശ്ചിമ ബംഗാൾ

മാർച്ച് 9–ാം തിയതി ഖരഗ്പൂർ സെൻററിൽ മുപ്പത്തിയഞ്ചോളം അഭ്യാസികൾക്കായി ഒരു പരിപാടി നടത്തി. ഭൗതിക വസ്തുക്കൾ കരസ്ഥമാക്കുന്നതിനേക്കാൾ ആദ്ധ്യാത്മിക ലക്ഷ്യത്തിന് പ്രാധാന്യം കൊടുക്കേണ്ടതിൻെറ ആവശ്യം ഊന്നിപ്പറയുന്ന പൂജ്യ മാസ്റ്ററുടെ പ്രഭാഷണം അഭ്യാസികളെ കേൾപ്പിച്ചു. പരിശീലനത്തെ സംബന്ധിച്ചുള്ള വിവിധ സംശയങ്ങൾ ദുരീകരിച്ചു. ചില അഭ്യാസികളോട് അവരുടെ നിത്യ സാധന വിശദീകരിക്കുവാൻ ആവശ്യപ്പെട്ടു. നിർദ്ദേശാനുസരണമല്ല അഭ്യാസികൾ പരിശീലിക്കുന്നതെന്ന് കണ്ടെത്താനായി. ശരിയായ പരിശീലന രീതി അവർക്കെല്ലാം പറഞ്ഞുകൊടുത്തു. പ്രാർത്ഥന, ധ്യാനം, ശുദ്ധീകരണം തുടങ്ങിയ വിഷയങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള ‘സഹജമാർഗ പരിശീലനം’ ബംഗാളിയിലും ഇംഗ്ലീഷിലും വായിച്ചു. ഹിന്ദിയിലേക്ക് അവ പരിഭാഷപ്പെടുത്തുകയും ചെയ്തു. പ്രാർത്ഥന, ധ്യാനം, ശുദ്ധീകരണം, സത്സംഗം, ഭണ്ഡാര തുടങ്ങിയ വിഷയങ്ങളിൽ സഹോ.ചന്ദർ കാന്ത പ്രഭാഷണം നടത്തി. ചായ സൽക്കാരത്തോടെ പരിപാടി സമാപിച്ചു.

### പുതിയ നിയമനം

**സെൻറർ ഇൻ ചാർജ്, ഗോവ**

**സഹോ.ദത്തപ്രസാദ് വിനായക് ബോൺസ്ലേ**


## പുതിയ പ്രസിദ്ധീകരണങ്ങൾ





**ടുവേർഡ്സ് ഇൻഫിനിറ്റി**
തമിഴ്




**വാട് ഈസ് സഹജ്മാർഗ്ഗ്**
മറാഠി




**വേ കെഹ്തെ ഹെ ഭാഗം 5**
ഹിന്ദി




**മൈ മാസ്റ്റർ ഓഡിയോ ബുക്ക്**
തെലുങ്ക്




**സത്യോദയം ഓഡിയോ ബുക്ക്**
ബംഗാളി




**ടുവേർഡ്സ് ഇൻഫിനിറ്റി ഓഡിയോ ബുക്ക്**
ഹിന്ദി







**സത്യോദയം ഓഡിയോ ബുക്ക്**
മലയാളം

**സഹജ്മാർഗ്ഗ് മിയാൻഡറിങ്ങ്സ്**
തമിഴ്, തെലുങ്ക്, ഹിന്ദി, മറാഠി, ഗുജറാത്തി, കന്നഡ, മലയാളം




**ദ പോയിൻറ് ഓഫ് അറ്റൻഷൻ**
ഇംഗ്ലീഷ് ഡിവിഡി




**ഇന്ത്യ ഇൻ ദ വെസ്റ്റ്**
ഇംഗ്ലീഷ് ഡിവിഡി




**ഇൻ ട്യൂൺ വിത് നേചർ**
ഇംഗ്ലീഷ് ഡിവിഡി

# കേരള സോണൽ ആശ്രമം,ആലുവ

## പ്രകാശകേന്ദ്രം

"പ്രകൃതിയുടെ ആദ്യത്തേയും അവസാനത്തേയും നിയമം ഇതൊന്നും എൻേറതല്ല എന്നതാണ്. എന്നാൽ ദൈവീകകൃപ ഒഴുകുവാൻ സഹായകമായ ഒരു കുഴലാവാൻ എനിക്ക് ആവുമെങ്കിൽ എനിക്ക് അനന്തമായി നിലനിൽക്കുവാനാകും. കാരണം അനന്തതക്ക് എല്ലായ്പ്പോഴും ഒഴുകിക്കൊണ്ടിരിക്കുവാൻ അനന്തമായ വാഹിനി ആവശ്യമാണ്."

പി. രാജഗോപാലാചാരി, സപ്തംബർ 1995, ആലുവ





സഹോ.എം.പി. മധുസൂധനൻെറ വീട്ടിൽ വെച്ചായിരുന്നു ആലുവയിൽ ആദ്യകാലത്ത് സത്സംഗം നടത്തിയിരുന്നത്. അഭ്യാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ അദ്ദേഹത്തിൻെറ വീടിൻെറ ഒന്നാം നിലയിൽ ഒരു ധ്യാനഹാൾ പണിതു. അത് സഹോ.സാർനാദ്ജി 1994 മേയ് 20–ാം തിയതി ഉദ്ഘാടനം ചെയ്തു.

മാസ്റ്ററുടെ ഔപചാരികമായ ആദ്യ കേരള യാത്ര 1995 സപ്തംബർ 6–ാം തിയതി ആയിരുന്നു. ആലുവായിലെ മുൻസിപ്പൽ ടൗൺ ഹാളിൽ സംഘടിപ്പിച്ച ഒരു ഗംഭീര പരിപാടിയിൽ ഏകദേശം എണ്ണൂറ് അഭ്യാസികൾ പങ്കെടുത്തു.

1996 ജനുവരി 12–ാം തിയതി കടുങ്ങല്ലൂർ എന്ന ഗ്രാമ പ്രദേശത്ത് സ്ഥലം വാങ്ങുന്നതിന് മാസ്റ്റർ അനുമതി നൽകി. താഴ്ന്ന പ്രദേശമായിരുന്ന അവിടെ രണ്ടു ഏക്രയിലധികം സ്ഥലം വാങ്ങി, ചുവന്ന മണ്ണ് നിറച്ച്, ചുറ്റു മതിലും ഗേറ്റും സ്ഥാപിച്ചു. "സഹജ ഗ്രാമം" എന്നതിനു പേരിട്ടു. മിഷനായി 70 സെൻറ് സ്ഥലം മാറ്റിവെച്ച് ബാക്കി സ്ഥലം 5 സെൻറ് വീതം തിരിച്ചു വെച്ചു. ഇരുപത്തിയെട്ട് അഭ്യാസികൾ ചെലവായ പണം പങ്കിട്ടുനൽകി. ഇപ്പോഴിവിടെ 10 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മാസ്റ്റർ സെൻററിലേക്കുള്ള തൻെറ രണ്ടാമത്തെ സന്ദർശന വേളയിൽ, 2001 ഫെബ്രുവരി 25–ാം തിയതി, ആശ്രമം ഉദ്ഘാടനം ചെയ്തു. 5000 ച.അടി വിസ്തീർണ്ണമുള്ള ഒരു ധ്യാനഹാളും, ഒന്നാം നിലയിൽ മൂന്നു വശങ്ങളിലുള്ള താമസ സൗകര്യങ്ങളും രണ്ടാം നിലയിൽ രണ്ടു വലിയ ജല സംഭരണികളുമായിരുന്നു ആ സമയത്തെ സൗകര്യങ്ങൾ. അഭ്യാസികളിൽ നിന്നും കുറച്ചു സ്ഥലം വാങ്ങിക്കുവാൻ മാസ്റ്റർ ഉപദേശിച്ചു. ഇപ്പോൾ മിഷന് 1.14 ഏക്ര സ്ഥലമുണ്ട്.

കേരള ശൈലിയിൽ ആശ്രമത്തിൻെറ മുൻ വശം നവീകരിച്ചുകൊണ്ട് 2011ൽ വിപുലമായ മാറ്റങ്ങൾ വരുത്തി. 2012ൽ പണി പൂർത്തിയായി. പുനരുദ്ധാരണം നടത്തിയ ആശ്രമത്തിൻെറ ഒരു വീഡിയോ മണപ്പാക്കത്തു വെച്ച് കണ്ട മാസ്റ്റർ "ഗംഭീരം" എന്ന് അഭിപ്രായപ്പെട്ടു.

വികേന്ദ്രീകരിച്ച ഭണ്ഡാര ആഘോഷങ്ങൾ, സോണൽ തലത്തിലുള്ള മീറ്റിങ്ങുകൾ, പരിശീലന പരിപാടികൾ, പ്രശിക്ഷകരുടെ മീറ്റിംഗ് തുടങ്ങിയവയ്ക്ക് ഈ ആശ്രമം ആതിഥ്യമരുളാറുണ്ട്. സോണൽ അക്കൗണ്ടിങ്ങിൻെറ നോഡൽ സെൻററായും മിഷൻ പ്രസിദ്ധീകരണങ്ങളുടെ വിതരണകേന്ദ്രമായും ആശ്രമം പ്രവർത്തിക്കുന്നു. മിഷൻെറ കേരളത്തിലെ കേന്ദ്രീകൃത പരിപാടികൾ ഇവിടെ വെച്ചാണ് നടത്താറുള്ളത്.







To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2014 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.